ഉത്തരം

കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽനിന്നും തീരദേശ പരിപാലന അതോറിറ്റിയിലേക്ക് അപേക്ഷ നൽകിയതിൽ 76 അപേക്ഷകൾ തീർപ്പാകാതെ നിൽക്കുന്നുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

മാച്ചിംഗ് ഗ്രാന്റ്

243 (1717) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക ബഡ്ജറ്റിന്റെ 15 ശതമാനത്തിലധികം കാർഷിക വികസന പരിപാടികൾക്ക് ചെലവഴിക്കുന്ന പക്ഷം പതിനഞ്ചു ശതമാനത്തിലധികമായി ചെലവഴിക്കുന്ന പദ്ധതി വിഹിതത്തിനു തുല്യമായ തുക മാച്ചിംഗ് ഗ്രാന്റായി സർക്കാർ നൽകുന്നതായിരിക്കും എന്ന 2014-15-ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം അനുവദിക്കപ്പെട്ട തുകയും ചെലവഴിക്കപ്പെട്ട തുകയും എത്രയെന്ന് അറിയിക്കുമോ?

ഉത്തരം

(എ &ബി) ഇല്ല. ഈ വിഷയം പരിശോധിച്ചുവരുന്നു.

ഗ്രാമസഭകൾ

244 (1718) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ പഞ്ചായത്തു സമിതികൾ നിലവിൽ വന്ന സാഹചര്യത്തിൽ ഗ്രാമസഭകൾ ഫലപ്രദവും പങ്കാളിത്തമുള്ളവയുമാക്കി തീർക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രാമസഭകൾ വിളിച്ചു ചേർക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള വ്യവസ്ഥകളുടെ വിശദാംശം ഉത്തരവുകൾ സഹിതം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഗ്രാമസഭകൾ ഫലപ്രദവും പങ്കാളിത്തമുള്ളവയുമാക്കി തീർക്കുന്നതിന് ഗ്രാമപഞ്ചായത്തുകളിൽ സേവാഗ്രാം എന്ന പേരിൽ ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കുകയും അയൽസഭ/വാർഡ് വികസന സമിതികളെ ശക്തിപ്പെടുത്തുന്നതിനായി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly